REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-11-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- കാനഡയിലെ ഹിന്ദു ക്ഷേത്രത്തിന് നേരെയുണ്ടായ ആക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ശക്തമായി അപലപിച്ചു.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണരംഗം കനത്ത ചൂടിലേക്ക്.
- സംസ്ഥാന കൃഷിവകുപ്പിന്റെ നാളികേര കൃഷി പദ്ധതിയ്ക്ക് 1,656 കോടിയോളം രൂപയുടെ ലോകബാങ്ക് സഹായം.
- സംസ്ഥാന സ്കൂൾ കായിക മേളയിലെ മത്സരങ്ങൾ രാവിലെ ആരംഭിക്കും.
- സൂപ്പർലീഗ് കേരള ഫുട്ബോൾ ആദ്യസെമിയിൽ കോഴിക്കോട്ട് തിരുവനന്തപുരം കൊമ്പൻസും, കലിക്കറ്റ് FC യും ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

കാനഡയിലെ ഹിന്ദു ക്ഷേത്രത്തിനു നേരെയുണ്ടായ ആക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ശക്തമായി അപലപിച്ചു. ഇന്ത്യൻ നയതന്ത്രജ്ഞരെ ഭീഷണിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുണ്ടായ ഭീരുത്വം നിറഞ്ഞ നടപടിയാണിതെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. ഇത്തരം സംഭവങ്ങൾ രാജ്യത്തിന്റെ ദൃഢ നിലപാടുകളെ ദുർബലപ്പെടുത്തില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ആക്രമണങ്ങൾക്കെതിരെ നടപടിയുണ്ടാകണമെന്നും നീതി ഉറപ്പാക്കണമെന്നും നരേന്ദ്രമോദി കാനഡയോട് ആവശ്യപ്പെട്ടു.

⭐⭐⭐

**സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണരംഗം കടുത്ത ചൂടിലേക്ക് നീങ്ങുകയാണ്. ദേശീയ- സംസ്ഥാന നേതാക്കൾ പ്രചാരണരംഗത്ത് സജീവമായി പങ്കെടുത്തു വരുന്നു.**

⭐⭐⭐

**വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ മുന്നണികൾ പ്രചാരണം കൊഴുപ്പിച്ചു കഴിഞ്ഞു.**

**കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ......**

**.........(വോയ്സ്)........**

⭐⭐⭐

**പാലക്കാട്ടും ചേലക്കരയിലും ഉപതിരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)......**

**പാലക്കാട് നിയമസഭാ മണ്ഡലത്തിൽ LDF സ്ഥാനാർഥി ഡോ P.സരിൻ നഗരസഭയിലെ ചോളോട് നിന്ന് ഇന്നത്തെ പ്രചാരണം ആരംഭിക്കും. രാവിലെ കോട്ടമൈതാനത്ത് ഹസ്തദാന കാമ്പയിനിലും അദ്ദേഹം പങ്കെടുക്കും.**

**UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ പുത്തൂർ, രാമനാഥപുരം എന്നിവിടങ്ങളിൽ നിന്ന് പ്രചാരണം ആരംഭിക്കും. ഡോ.ശശിതരൂർ MP യും ഇന്ന് പ്രചാരണത്തിനുണ്ടാകും.**

**NDA സ്ഥാനാർഥി C. കൃഷ്ണകുമാറും പരമാവധി വോട്ടർമാരെ നേരിൽകണ്ട് വോട്ടുകൾ അഭ്യർത്ഥിച്ചു വരികയാണ്. ഇന്ന് പ്രചാരണത്തിലും യോഗങ്ങളിലും BJP നേതാവ് പ്രകാശ് ജാവ്ദേക്കറും പങ്കെടുക്കും.**

**ചേലക്കര മണ്ഡലത്തിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.**

**UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം ഇന്ന് കാളിയാറിൽ നിന്നാരംഭിച്ച് പൂവത്താണിയിൽ സമാപിക്കും. കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല മണ്ഡലത്തിലെ പരിപാടികളിൽ പങ്കെടുക്കും.**

**NDA സ്ഥാനാർഥി K ബാലകൃഷ്ണൻ വള്ളത്തോൾ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ച നടത്തി ഇന്നത്തെ പര്യടനം ആരംഭിക്കും. വൈകിട്ട് സമാപന യോഗം പത്മജ വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.**

LDF സ്ഥാനാർഥി UR  പ്രദീപിന്റെ തിരഞ്ഞെടുപ്പ് പരിപാടികൾ രാവിലെ ഒലിപ്പാറയിൽ നിന്നാരംഭിച്ച് മങ്ങാട്  അവസാനിക്കും.

✪✪✪

വയനാട് ഉപതെരഞ്ഞെടുപ്പിൽ തിരുവമ്പാടി  മണ്ഡലത്തിലെ പോളിംഗ്' ഉദ്യോഗസ്ഥർക്കായി, നാളെ നടത്താൻ  നിശ്ചയിച്ചിരുന്ന പരിശീലന പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ ശനിയാഴ്ചത്തേക്ക് മാറ്റിയതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.  സ്ഥലം, സമയം എന്നിവയിൽ മാറ്റമില്ല.

✪✪✪

പാലക്കാട് ഉപതെരഞ്ഞെടുപ്പ് മാറ്റിയ നടപടി സ്വാഗതാർഹമാണെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പറഞ്ഞു. രഥോത്സവത്തിന്റെ തിരക്കിനിടയിൽ ഉപതെരഞ്ഞെടുപ്പ് ഒഴിവാക്കണമെന്നു അവിടുത്തെ ജനങ്ങൾ ആഗ്രഹിച്ചിരുന്നതായി അദ്ദേഹം  അഭിപ്രായപ്പെട്ടു.

KPCC പ്രസിഡണ്ട്  K സുധാകരനും തീയതി മാറ്റിയതിനെ സ്വാഗതം ചെയ്തു. തീയതി മാറ്റാൻ  തെരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തെ തന്നെ നടപടിയെടുക്കേണ്ട തായിരുന്നുവെന്ന്  സുധാകരൻ പറഞ്ഞു.

✪✪✪

ഇന്ന് ലോക സുനാമി അവബോധ ദിനം. സുനാമിയുടെ അപകടകരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും സുനാമി തയ്യാറെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും, മുന്നറിയിപ്പിനെക്കുറിച്ചും അവബോധം സൃഷ്ടിക്കാനാണ് നവംബർ അഞ്ച് സുനാമി ബോധവത്കരണ ദിനമായി ആചരിക്കുന്നത്.

✪✪✪

അമേരിക്കൻ പ്രസിഡണ്ട് തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ഇന്ന്. മുൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപും, വൈസ് പ്രസിഡണ്ട് കമലാ ഹാരിസും തമ്മിലാണ് പ്രസിഡണ്ട് സ്ഥാനത്തേക്ക് കടുത്ത മത്സരം നടക്കുന്നത്. ഒന്നിലേറെ സമയമേഖലകളിൽ ആയതിനാൽ ഇന്ത്യൻ സമയം വൈകിട്ട് 5-30 നും 7-30 നുമിടയിലായിരിക്കും വോട്ടെടുപ്പ്. നാളെ പുലർച്ചെ അഞ്ചരയ്ക്കും രാവിലെ ഒൻപതരയ്ക്കുമിടയിൽ പോളിംഗ് സമാപിക്കും. ഫലസൂചന വോട്ടെടുപ്പ് തീർന്നാലുടൻ ലഭ്യമായിത്തുടങ്ങുമെങ്കിലും,  അടുത്ത ജനുവരി ആറിലെ അമേരിക്കൻ കോൺഗ്രസിന്റെ സംയുക്ത യോഗത്തിലായിരിക്കും ഇലക്ടറൽ വോട്ടുകൾ എണ്ണി പ്രസിഡണ്ടിനെ അന്തിമമായി കണ്ടെത്തുക.

✪✪✪

സംസ്ഥാന കൃഷിവകുപ്പിന്റെ നാളികേര കൃഷി പദ്ധതിയ്ക്ക് 1,656 കോടിയോളം രൂപയുടെ ലോകബാങ്ക് സഹായം ലഭിക്കുമെന്ന് മന്ത്രി P പ്രസാദ്

അറിയിച്ചു. കാലാവസ്ഥാ വ്യതിയാനം നേരിടാനും അതിന് അനുസൃതമായ കൃഷിരീതി അവലംബിക്കാനും സമർപ്പിച്ച 2,365 കോടിയിൽപ്പരം രൂപയുടെ പദ്ധതിക്കാണ് ലോകബാങ്ക് അംഗീകാരം നൽകിയത്. ഇതിന്റെ ആദ്യഗഡുവാണ് അനുവദിച്ചത്. സംസ്ഥാനത്തെ കാർഷികമേഖലയിൽ അടുത്ത അഞ്ചു വർഷം കൊണ്ട് പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ജൻമഭൂമി ദിനപത്രം 'സ്വ' വിജ്ഞാനോത്സവത്തിന്റെ ഭാഗമായ മാധ്യമ സെമിനാർ ഇന്ന് കോഴിക്കോട് കാലിക്കറ്റ് ട്രേഡ് സെന്ററിൽ മുതിർന്ന മാധ്യമപ്രവർത്തകൻ S.ഗുരുമൂർത്തി ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ, മുതിർന്ന മാധ്യമപ്രവർത്തകൻ M.G രാധാകൃഷ്ണൻ, BJP സംസ്ഥാന വക്താവ് K.V.S ഹരിദാസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കറ്റ് അംഗം A.K. അനുരാജ് തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കും.

✪✪✪

കൊച്ചു സംസ്ഥാനമായ ഗോവ വികസനകാര്യത്തിൽ വിസ്മയം സൃഷ്ടിക്കുകയാണെന്ന് ഗവർണർ P.S ശ്രീധരൻ പിള്ള അഭിപ്രായപ്പെട്ടു. കേന്ദ്രത്തിന്റെ ഉദാരസമീപനത്തിലൂടെ ടൂറിസം മേഖലയിലെ വികസനമാണ് ഗോവയെ മുൻനിരയിലെത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട്ട് ജന്മഭൂമി ദിനപത്രം സുവർണ്ണജയന്തി ആഘോഷവേദിയിൽ 'മീറ്റ് ദ ഗവർണർ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു ശ്രീധരൻപിള്ള.

✪✪✪

സംസ്ഥാന സ്കൂൾ കായിക മേളയിലെ മത്സരങ്ങൾ രാവിലെ ആരംഭിക്കും. സീനിയർ, ജൂനിയർ, സബ്ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിലാണ് മത്സരങ്ങൾ. കോതമംഗലം MA കോളജിലെ അക്വാട്ടിക് സെന്ററിൽ രാവിടെ എട്ടരയ്ക്ക് നീന്തൽ മത്സരങ്ങളോടെയാണ് കായികമേളയുടെ തുടക്കം. 17 വേദികളിലായി 24,000 ഓളം കുട്ടികൾ വിവിധ കായിക ഇനങ്ങളിൽ മത്സരിക്കുന്നുണ്ട്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

ചരിത്രത്തിലാദ്യമായി രണ്ടായിരത്തോളം ഭിന്നശേഷി കുട്ടികൾ കായികമേളയിലെ മത്സരങ്ങളിൽ പങ്കുചേരും. ഭിന്നശേഷി വിഭാഗം അത്‌ലറ്റിക്സ്, ഫുട്ബോൾ എന്നിവ മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിലും,

ഹാൻഡ് ബോൾ തേവര സേക്രഡ് ഹാർട്ട് ഹയർസെക്കൻഡറി സ്കൂളിലും, ബാഡ്മിന്റൺ കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിലുമാണ്.

ഇന്നലെ സംസ്ഥാന സ്കൂൾ കായിക മേള മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. 14 ജില്ലകളിൽ നിന്നും UAE യിൽ നിന്നും കായികതാരങ്ങൾ അണിനിരന്ന മാർച്ച് പാസ്റ്റോടെയാണ് മേളയ്ക്ക് തുടക്കം കുറിച്ചത്. മാർച്ച് പാസ്റ്റിൽ കോട്ടയം ജില്ല ഒന്നാം സ്ഥാനവും കൊല്ലം രണ്ടാം സ്ഥാനവും ആതിഥേയരായ എറണാകുളം ജില്ല മൂന്നാം സ്ഥാനവും നേടി.

മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിലെ ദീപശിഖ പ്രയാണത്തിനുശേഷം ഒളിമ്പ്യൻ P.R. ശ്രീജേഷ് ദീപശിഖ ഏറ്റുവാങ്ങി. മന്ത്രി V ശിവൻകുട്ടിയും, ശ്രീജേഷും സവിശേഷ പരിഗണന അർഹിക്കുന്ന കായികതാരം ശ്രീലക്ഷ്മിയും ചേർന്ന് സ്റ്റേഡിയത്തിലെ ദീപശിഖ തെളിയിച്ചു.

മേളയോടനുബന്ധിച്ച് സംഘടിപ്പിച്ച സാംസ്കാരിക പരിപാടി ചലച്ചിത്രതാരം മമ്മൂട്ടി ഉദ്ഘാടനം ചെയ്തു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോൾ ആദ്യസെമിയിൽ വൈകിട്ട് തിരുവനന്തപുരം കൊമ്പൻസും, കലിക്കറ്റ് FC യും ഏറ്റുമുട്ടും. കോഴിക്കോട് EMS കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

പത്ത് മത്സരങ്ങളിൽ നിന്ന് 19 പോയിന്റുമായി ലീഗിൽ ഒന്നാമതെത്തിയാണ് കലിക്കറ്റ് FC സെമിബെർത്ത് നേടിയത്. കൊമ്പൻസിന് 13 പോയിന്റുണ്ട്.

✪✪✪

അസ്മിത ഖേലോ ഇന്ത്യ, കേരള വനിതാ റഗ്ബി ലീഗ് മത്സരങ്ങൾ കാര്യവട്ടം സായ് LNCP യിൽ സമാപിച്ചു. ജൂനിയർ വിഭാഗത്തിൽ ചക്കാലക്കൽ സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. സീനിയർ വിഭാഗത്തിൽ അസ്ത്ര റഗ്ബി ക്ലബ് ട്രിവാൻഡ്രം ആണ് ചാമ്പ്യന്മാർ. സബ് ജൂനിയർ വിഭാഗത്തിൽ അത്-ലറ്റിക്കാ കോഴിക്കോട് ജേതാക്കളായി.

✪✪✪

ഇടുക്കി ഡാമിലെ ജലനിരപ്പ് മുൻ വർഷത്തേക്കാൾ 22 അടിയിലേറെ വർദ്ധിച്ചു. നിലവിൽ 72.20 ശതമാനം വെള്ളം ഡാമിലുണ്ട്.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....

.........(വോയ്സ്)........

ശബരിമല തീർത്ഥാടനത്തിന് എത്തുന്നവർക്ക് മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. പമ്പ ശ്രീരാമസാകേതം ഹാളിൽ ചേർന്ന ആരോഗ്യവകുപ്പ് അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ശബരിമല പ്രത്യേക ആശുപത്രിയായി കോന്നി മെഡിക്കൽ കോളജിനെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

കണ്ണൂർ ADM ആയിരുന്ന K.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് P.P. ദിവ്യ സമർപ്പിച്ച ജാമ്യാപേക്ഷയിൽ കോടതി ഇന്ന് വാദം കേൾക്കും. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിലാണ് വാദം. ദിവ്യ ഇപ്പോൾ കണ്ണൂർ വനിതാ ജയിലിൽ റിമാന്റിൽ കഴിയുകയാണ്.

ആലപ്പുഴ ജില്ലയിൽ ഇന്ന് KSU വിദ്യാഭ്യാസ ബന്ദിന് ആഹ്വാനം നൽകി. കായംകുളം MSM കോളജിലെ SFI- DYFI ആക്രമണത്തിൽ പ്രതിഷേധിച്ചാണ് സമരമെന്ന് KSU നേതാക്കൾ അറിയിച്ചു.